# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) ന്റെ നടപടിക്രമം

(ഹാജർ :- ശ്രീ. എൻ.കെ. ജയ)

വിഷയം: കുടുംബശ്രീ - സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് ടെക്നോളജി ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ – ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 22/04/2015-ലെ ഈ ഓഫീസിലെ KS-D-6157/2013 നമ്പർ നടപടിക്രമം.
2. 06.04.2017 ഈ ഓഫീസിലെ 2977/ഡി/2017/കെഎസ്എച്ച്ഒ നമ്പർ നടപടിക്രമം.

***<u>Order No. 2977/D/2017/KSHO dated 27 /04/2017</u>***

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് തങ്ങളുടെ ഉത്പാദനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കുടുംബശ്രീ മിഷൻ നൽകുന്ന അധിക ധനസഹായമാണ് ടെക്നോളജി ഫണ്ട്.

പരാമർശം (1) പ്രകാരം ടെക്നോളജി ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പരാമർശം (2) പ്രകാരം ഭേദഗതിവരുത്തിയ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ജില്ലകളിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾക്കനുസൃതമായി മാർഗ്ഗനിർദ്ദേശത്തിൽ ഭേദഗതിവരുത്തി അനുബന്ധ പ്രകാരം ഉത്തരവാകുന്നു. ഈ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി പരാമർശം (2) പ്രകാരമുള്ള സർക്കുലറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്
കരുതൽ/അധികം

**ഉത്തരവിൻ പ്രകാരം**

**ഡയറക്ടർ(എ&എഫ്)**

# സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി ഫണ്ട്

## പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം**

നൂതന സംരംഭങ്ങൾ, നിലവിൽ വിജയകരമായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ/ സംരംഭക കൂട്ടായ്മകൾ എന്നിവയ്ക്ക് തങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അധിക ധനസഹായമായാണ് ടെക്നോളജി ഫണ്ട് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

**A. സൂക്ഷ്മ സംരംഭങ്ങൾ**

**യോഗ്യതാമാനദണ്ഡം:**

1. കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ

2. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും എന്നാൽ എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

3. കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ആരംഭിക്കുന്ന നൂതന സംരംഭങ്ങൾ

മേൽപറഞ്ഞ തരം സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടെക്നോളജി ഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1. നിലവിലുള്ളതും, കഴിഞ്ഞ ആറു മാസക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ ടെക്നോളജി ഫണ്ട് ലഭ്യമാക്കാത്തതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)
2. നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളു. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).
3. ഉത്പാദന/സേവന മേഖലയിലെ വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ

4. ഒരു സംരംഭത്തിന് ടെക്നോളജി ഫണ്ടിന് ഒറ്റതവണ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.

**ധനസഹായം:**

സംരംഭം വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി ഫണ്ട് അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക(ർ) നിശ്ചിത ഫോർമറ്റിലുള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് - പുതുതായി തയ്യാറാക്കിയത് (പുതിയതായി വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയിലൂടെ സംരംഭം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.)
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത് (നിലവിലുള്ള സംരംഭമാണെങ്കിൽ)
6) എംഇസിയുടെ ശുപാർശ
7) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (ആറു മാസക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നതും, ടെക്നോളജി ഫണ്ട് ലഭ്യമാക്കിയിട്ടില്ല എന്നതും പ്രത്യേകം പരാമർശിക്കണം).
8) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ കത്ത് അല്ലെങ്കിൽ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനു പ്രാപ്തമായ കുറഞ്ഞത് മൂന്നു ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

സംരംഭകർ സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം

നടത്തി ജില്ല മിഷൻ കോ-ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ നൽകേണ്ടതാണ്.

ജില്ലാ തലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി (പി എ സി) രൂപീകരിക്കേണ്ടതാണ്.

1. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - അദ്ധ്യക്ഷ(ൻ)
2. അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (എംഇ) - കൺവീനർ
3. എം ഇ കൺസൾട്ടന്റ് - അംഗം
4. അക്കൗണ്ട്സ് ചുമതലയുള്ള ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്- അംഗം

ഇതിനു പുറമെ സാങ്കേതിക ഉപദേശം നല്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ധരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യക്ഷന്(യ്ക്ക്) അധികാരം ഉണ്ടായിരിക്കുന്നതാണ്.

ടെക്നോളജി ഫണ്ടായി പരമാവധി 5 ലക്ഷം രൂപ വരെ ജില്ലാ മിഷന് അനുവദിച്ചു നൽകാവുന്നതാണ്. എന്നാൽ സംരംഭക യൂണിറ്റ് ആവശ്യപ്പെടുന്ന തുക 5 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം സംരംഭത്തിന് പ്രസ്തുത തുക ആവശ്യമാണെന്ന് ജില്ലാമിഷന് ബോധ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാന മിഷന്റെ അംഗീകാരത്തിനായി പ്രൊപ്പോസ്സൽ സമർപ്പിക്കേണ്ടതാണ്. സംസ്ഥാന മിഷൻ പ്രൊപ്പോസ്സൽ പരിശോധിച്ച് തുക അനുവദിക്കുന്നതാണ്. സംസ്ഥാന തലത്തിൽ ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള പ്രോജക്ട് അംഗീകാര കമ്മിറ്റി (പി.എ.സി) പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും. സംസ്ഥാന പി.എ.സി-ൽ താഴെപറയുന്നവർ അംഗങ്ങളായിരിക്കും.

1) എക്സിക്യൂട്ടീവ് ഡയറക്ടർ - അദ്ധ്യക്ഷ (ൻ)
2) ഡയറക്ടർ (എ&എഫ്) - കൺവീനർ
3) പ്രോഗ്രാം ഓഫീസർ (എം.ഇ) - അംഗം
4) അക്കൗണ്ട്സ് ഓഫീസർ - അംഗം
5) കൺസൾട്ടന്റ് (എം.ഇ) - അംഗം

**ടെക്നോളജി ഫണ്ട് - അനുവദനീയമായ ഘടകങ്ങൾ**

- യന്ത്രസാമഗ്രി, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്
- സംരംഭത്തിന് ആവശ്യമായ കംപ്യൂട്ടർ, സോഫ്റ്റ് വെയർ, പ്രിന്റർ തുടങ്ങിയവ വാങ്ങുന്നതിന്
- ഓഫീസ് സംവിധാനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്
- സംരംഭത്തിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ വാങ്ങുന്നതിന്

**മോണിറ്ററിംഗ്**

ടെക്നോളജി ഫണ്ട് അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിച്ചുവെന്നത് ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കാണ്. ആയതിനാൽ എം ഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് സന്ദർശനം നടത്തി ടെക്നോളജി ഫണ്ട് നൽകി 15 ദിവസത്തിനകം പ്രസ്തുത മിഷനറി വാങ്ങി എന്നും ഉപയുക്തമാക്കുന്നതായും സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതുമാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക ,സാമ്പത്തിക വികസനത്തിൽ സൂക്ഷ്മ സംരംഭങ്ങൾ എന്ന ശീർഷകത്തിലെ ടെക്നോളജി ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്. ടെക്നോളജി ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസ്സൽ, അജണ്ട കുറിപ്പ്, യോഗം തീരുമാനം, തുക അനുവദിച്ച ഉത്തരവ്, യൂണിറ്റ് സന്ദർശന റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പ്രത്യേക ഫയൽ ആയി ജില്ലാ മിഷനിൽ സൂക്ഷിക്കേണ്ടതാണ്.

## B. സൂക്ഷ്മ സംരംഭക കൂട്ടായ്മ

യോഗ്യതാ മാനദണ്ഡം:- നിലവിലുള്ള കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കൂട്ടായ്മ അല്ലെങ്കിൽ പ്രൊഡ്യൂസർ കമ്പനിക്ക് ടെക്നോളജി ഫണ്ട് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. നൂതന സംരംഭങ്ങളുടെ കൂട്ടായ്മ അല്ലെങ്കിൽ പ്രൊഡ്യൂസർ കമ്പനിക്കും പ്രവർത്തനക്ഷമമായി 3 വർഷം പൂർത്തീകരിച്ച സംരംഭ കൂട്ടായ്മയ്ക്കും ടെക്നോളജി ഫണ്ട് ലഭിക്കാൻ അർഹത ഉണ്ടായിരിക്കും. ഒറ്റതവണ മാത്രമേ സംരംഭ കൂട്ടായ്മകൾക്ക് ടെക്നോളജി ഫണ്ടിന് അർഹതയുണ്ടാകു.

**ധനസഹായം:**

സംരംഭ കൂട്ടായ്മ വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭത്തിന് 5,00,000/- രൂപ എന്ന നിരക്കിൽ സംരംഭങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 50,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി ഫണ്ട് അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക കൂട്ടായ്മ നിശ്ചിത ഫോർമറ്റിലുള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് - പുതുതായി തയ്യാറാക്കിയത്
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ

3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) എംഇസിയുടെ ശുപാർശ
7) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (മൂന്നു വർഷക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കണം).
8) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ കത്ത് അല്ലെങ്കിൽ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനു പ്രാപ്തമായ കുറഞ്ഞത് മൂന്നു ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

സംരംഭക യൂണിറ്റുകൾ/ സംരംഭക കൂട്ടായ്മകൾ സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം നടത്തി ജില്ല മിഷൻ കോ-ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ നൽകേണ്ടതാണ്. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പ്രസ്തുത അപേക്ഷ ശുപാർശയോടു കൂടി സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.

1. എക്സിക്യൂട്ടീവ് ഡയറക്ടർ - അദ്ധ്യക്ഷ
2. ഡയറക്ടർ (എ & എഫ്) - കൺവീനർ
3. പ്രോഗ്രാം ഓഫീസർ (എം.ഇ) - അംഗം
4. അക്കൗണ്ട്സ് ഓഫീസർ - അംഗം.
5. കൺസൾട്ടന്റ്(എംഇ) - അംഗം
6. ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് (എംഇ)- അംഗം

ഇതിനു പുറമെ സാങ്കേതിക ഉപദേശം നല്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ധരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യക്ഷന്(യ്ക്ക്) അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് – അനുവദനീയമായ ഘടകങ്ങൾ**

- യന്ത്രസാമഗ്രി, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്
- സംരംഭത്തിന് ആവശ്യമായ കംപ്യൂട്ടർ, സോഫ്റ്റ് വെയർ, പ്രിന്റർ തുടങ്ങിയവ വാങ്ങുന്നതിന്
- ഓഫീസ് സംവിധാനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്
- സംരംഭത്തിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ വാങ്ങുന്നതിന്

**മോണിറ്ററിംഗ്**

ടെക്നോളജി ഫണ്ട് സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിച്ചുവെന്നത് ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കാണ്. ആയതിനാൽ എം.ഇ ചുമതലയുള്ള എഡിഎംസി/കൺസൽട്ടന്റ് യൂണിറ്റുകൾ സന്ദർശനം നടത്തി പ്രസ്തുത മിഷനറി ഉപയുക്തമാക്കിയതായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസനത്തിൽ സൂക്ഷ്മ സംരംഭങ്ങൾ എന്ന ശീർഷകത്തിലെ ടെക്നോളജി ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**കുടുംബശ്രീ**